# <u>ഗോർബച്ചേവും എന്റെ ബാപ്പായും</u>

ഇഖ്ലാസ് ഒറ്റമാളിക

"ബാപ്പാ.. യി കമ്യൂണിസ്റ്റ് യെന്നച്ചാലെന്താ?"

കുറച്ച് ദിവസമായി ഞാൻ ചോദിക്കണമെന്ന് കരുതിയിരിക്കുകയായിരുന്നു.

ഇരുണ്ട ചാരനിറത്തിലുള്ള കൊച്ചുകൊച്ചുഗോപുരങ്ങളായി, വട്ടംചുറ്റിതിരിഞ്ഞു ബീഡിയുടെ പുക മുകളിലേക്ക് ഉയർന്നു. അവ ആകാശത്തിൽ ലയിക്കുന്നതുനോക്കി വരാന്തയിൽ ഞാൻ കുറച്ചുനേരമായി ഇരിക്കാൻ തുടങ്ങിയിട്ട്. അതുകണ്ടാൽ തോന്നും ബീഡിയല്ല, ബാപ്പ തന്നെയാണ് സ്വയം എരിയുന്നതെന്ന് . കാരണം ആദ്യത്തെ വലിയ്ക്കുശേഷം കുറെനേരമായി ബാപ്പയുടെ ഇടതുകൈയ്യിലെ വിരലുകൾക്കിടയിൽ ഇരുന്ന് ദിനേശ്ബീഡി എരിയാൻ തുടങ്ങിയിട്ട്. ബാപ്പയാകട്ടെ, ഈ ലോകത്തിൽ ഒന്നും അല്ലെന്നമട്ടിൽ വലതുകൈ നെറ്റിയിൽ താങ്ങി, പത്രത്തിൽ കണ്ണുകളൂന്നി ഇരിക്കയാണ്. ബാപ്പ ഇതു വായിച്ചുകഴിഞ്ഞാൽ ഓടി അടുത്തവീട്ടിലെ പത്രം വാങ്ങിച്ചുകൊടുക്കേണ്ട ചുമതല എനിക്കാണ്.

"ബാപ്പാ.."

കുറച്ചുകൂടി ഉച്ചത്തിൽ, ഞാൻ പിന്നെയും വിളിച്ചു. ബാപ്പ ഇതൊന്നും ശ്രദ്ധിച്ചമട്ടില്ല. മുൻപേജിലെ കറുത്തകൊച്ചക്ഷരങ്ങളിൽ നോക്കി ഇരിക്കയാണ്.. എല്ലാം നഷ്ടപെട്ടപോലെ. ഇതേപോലെയുള്ള അവസരങ്ങളിൽ ഞാൻ ബാപ്പയുടെ കയ്യിൽനിന്നും പേപ്പർ തട്ടിപറിക്കാറുണ്ടായിരുന്നു. ഇന്ന് വയ്യ!.

"റഷ്യയെ കഷണം കഷണമാക്കീട്ടെ ഓൻ പോവൂ.."

ആരോടെന്നില്ലാതെ ബാപ്പ പിറുപിറുത്തു. ആരാണാ ഭയങ്കരൻ എന്ന ഉത്കണ്ഠയോടെ ഞാൻ പതുക്കെ ബാപ്പയുടെ പിന്നിൽ പോയി തോളിൽ പിടിച്ചു താഴെ, പേപ്പറിലേക്ക് നോക്കി. കൊച്ചുകൊച്ചു ഉറുമ്പുകൾ മാതിരി കറുത്ത അക്ഷരങ്ങൾ താഴത്തുകിടന്നു ഇഴഞ്ഞു. മുൻവശത്തെ പേജിന്റെ വലതുവശത്ത് മുകളിലായി ഒരു വലിയ മനുഷ്യന്റെ പടം. ചിരിക്കുന്നുണ്ടങ്കിലും കുറെയേറെ വിഷമങ്ങൾ അങ്ങേർക്ക് ഉള്ളതുപോലെ എനിക്കുതോന്നി. ഞാൻ ആദ്യം ശ്രദ്ധിച്ചത് അങ്ങേരുടെ ഇടതുനെറ്റിയുടെ മുകളിലെ, കാക്കതൂറിയതുപോലുള്ള വലിയ പാടാണ്. പാവം.. അത് ജനിച്ചപ്പോഴുള്ളതാണോ അതോ പിന്നെ പറ്റിയതാണോ. ബാപ്പയോടു ഞാൻ ചോദിക്കണമെന്നു കരുതിയെങ്കിലും മുഖം കണ്ടപ്പോൾ വേണ്ടെന്നുവെച്ചു. പടത്തിനുതാഴെയുള്ള വലിയ അക്ഷരങ്ങളിൽ, അങ്ങേരുടെ പേര് ഞാൻ വിഷമിച്ചു വായിച്ചെടുത്തു. ഗോർ.. ഗോർബച്ചേവ്.!

"ബാപ്പാ.."

ബാപ്പയുടെ ചെവിയുടെ അടുത്തുനിന്ന്, ഞാൻ ഒരിക്കൽ കൂടി വിളിച്ചു. ബാപ്പ തലയുയർത്തി പിന്നിലോട്ടു തിരിഞ്ഞു. നെറ്റിചുളിച്ചു ചോദ്യഭാവത്തിൽ എന്നെ നോക്കി. നെറ്റിയുടെ നീണ്ട മടവുകൾക്കിടയിൽ ഒരായിരം ചോദ്യങ്ങൾ പുകയുന്നതുപോലെ! ഞാൻ ഓർത്തുവെച്ച ചോദ്യങ്ങളെല്ലാം മറന്നുപോയി.

"നടുത്തറെ പോയി പേപ്പറ് ബാങ്ങണോ"

സാധാരണ ഇതു വായിച്ചുകഴിഞ്ഞാൽ ആദ്യം വാങ്ങുന്നതു അവിടെനിന്നാണ്.

എന്നെ അടുത്തുപിടിച്ചു എന്തോ ആലോചിച്ചുകൊണ്ട് ബാപ്പ പറഞ്ഞു.

"വേണ്ട"

പിന്നെ തലയിൽ തടവി, കൂട്ടിചേർത്തു.

"പിന്നെയാവട്ടെ"

"അന്റെ ബാപ്പ ഒരു കമ്യൂണിസ്റ്റായിരുന്നു" അടുക്കളയിൽ ഉമ്മ പുട്ടുണ്ടാക്കുന്നതു നോക്കിയിരിക്കയായിരുന്നു ഞാൻ. "ഉപ്പാപ്പ കാൺഗ്രസ്സും"

ഞാൻ ഉപ്പാപ്പയെ കണ്ടിട്ടേയില്ല. 1942ൽ, സ്വാതന്ത്ര്യസമരത്തിനിടയിൽ മഹാത്മാഗാന്ധി തൃപ്പൂണിത്തുറയിൽ വന്നപ്പോൾ ആദ്യം മാലയിട്ട് സ്വീകരിച്ചത് ഉപ്പാപ്പയായിരുന്നു. പിന്നീട് ഗാന്ധിമുക്കിൽ വടിയും കുത്തിപിടിച്ചു നടുവും താങ്ങിനിൽക്കുന്ന ഗാന്ധിജിയുടെ പ്രതിമ സ്ഥാപിക്കാൻ മുൻകൈയെടുത്തതും ഉപ്പാപ്പതന്നെയായിരുന്നു.

സ്വാതന്ത്ര്യസമരസേനാനിയും ഉഗ്രപ്രതാപിയുമായ സുലൈമാൻഹാജി... എട്ടുമക്കളെയും വരച്ചവരയിൽ നിർത്തി, കൂട്ടുകുടുംബത്തിന്റെ അഴികളിൽ കോർക്കാൻ കഴിഞ്ഞ ഉപ്പാപ്പായ്ക്ക് ഏറ്റവും എളയവന്റെ കാര്യത്തിൽ പിഴച്ചു. പട്ടണത്തിൽ നിയമം പഠിക്കാൻ പോയ ബാപ്പ ഇരുപത്തിമൂന്നിന്റെ ഉച്ചചൂടിൽ പഠനം പകുതിക്ക് നിർത്തി കമ്യൂണിസത്തിനു പിറകേ പോയി.

"കമ്മൂണിസ്റ്റ് കളിച്ച്, പള്ളിയിൽ കേറാതെ നടക്കുന്ന ആ ഹിമാറിനെകുറിച്ച് എനക്ക്ട്ട് ചോദിക്കണ്ട. നാടിനെ മുഴുവൻ ഒറ്റയ്ക്ക് നന്നാക്കാൻ ഇവനാര് കാറൽമാക്സ് മാപ്പിളയോ" ഇളയമകനെ കുറിച്ച് ചോദിക്കുന്നവരോടൊക്കെ ഉപ്പാപ്പ രോഷം കൊണ്ടു.

"പടിപ്പില്ലാഞ്ഞിട്ടാണെങ്കി അത് പറയാം. യ്ത് തിന്നിട്ട് എല്ലിന്റെടെ കുത്തീട്ടാ... എനക്ക് അങ്ങനൊരു മോനില്ല.. ".

ഉപ്പാപ്പയും ബാപ്പയും തമ്മിൽ കാണുന്നത് തന്നെ അപൂർവ്വമായി. കണ്ടാൽ തന്നെ മിണ്ടുന്നതും.

പക്ഷേ, മാസങ്ങൾക്കു ശേഷം, പുതുനെല്ലൂർകേസ്സിൽ പതിനാലാംപ്രതിയായി പോലീസുകാർ ബാപ്പയെ അന്വേഷിച്ചുനടന്നപ്പോൾ ഉപ്പാപ്പായ്ക്ക് അടങ്ങിയിരിക്കാനായില്ല. തന്റെ എല്ലാ അധികാരവും പണവും ഉപയോഗിച്ചു സുലൈമാൻഹാജി രംഗത്തുവന്നപ്പോൾ ഒളിവിൽ പോയ ബാപ്പ മാപ്പുസാക്ഷിയായി. ചെറുപ്പത്തിന്റെ പാകതയില്ലായ്മയിൽ മാപ്പു കിട്ടിയ ബാപ്പ എല്ലാം ഉപേക്ഷിച്ചു തിരിച്ചുവന്നു. ഉപ്പാപ്പയുടെ നിർദ്ദേശപ്രകാരം ഉമ്മാനെ കെട്ടി.

പലരും പലപ്പോഴായി പറഞ്ഞുകേട്ടിട്ടുള്ള കഥ ഉമ്മ പറഞ്ഞു നിർത്തി.

"പിന്നെ.. ഉപ്പാപ്പയ്വെടെ പോയി.." ഞാൻ ചോദിച്ചു.

അധികം കഴിയുന്നതിനുമുമ്പെ ഉപ്പാപ്പ മരിച്ചു. ഉപ്പാപ്പയുടെ ഉഗ്രശാസനത്തിൽ അടങ്ങികഴിഞ്ഞിരുന്ന മൂത്താപ്പമാർ പുതുതായികിട്ടിയ സ്വാതന്ത്ര്യം തോന്നുംപോലെ ഉപയോഗിക്കാൻ തുടങ്ങി. തെക്കുംഭാഗത്തെ നെൽപാടങ്ങൾ ഒരു സുപ്രഭാതത്തിൽ അപ്രത്യക്ഷമായി. അങ്ങനെയാണ് ഭാഗംവെച്ച് പിരിയാമെന്ന് ബാപ്പ പറഞ്ഞതും എല്ലാവരും സമ്മതിച്ചതും. ഇളയവനെന്നപേരിൽ തറവാടും ചുറ്റുമുള്ള ഇരുപത്തിനാലു സെന്റ് പറമ്പും ബാപ്പായ്ക്ക് ലഭിച്ചു. പക്ഷേ, നാളുകൾ കഴിഞ്ഞപ്പോഴാണ് തറവാടും സ്ഥലവും പണയത്തിലാണെന്ന് ബാപ്പ അറിഞ്ഞത്. ഒടുവിൽ കടംകൊടുത്തവർ ബാപ്പായ്ക്കെതിരെ കോടതിയിൽ കേസ്സും കൊടുത്തു.

" ഉമ്മാ...നക്ക് ബെശക്ക്ണ്" കഥയവിടെയെത്തിയപ്പോൾ എനിക്കു വിശന്നുതുടങ്ങിയിരുന്നു.

"ബാപ്പാ...ബാപ്പ കമ്യൂണിസ്റ്റാണോ?"

ഉച്ച കഴിഞ്ഞ് ബാപ്പായുടെ കയ്യും പിടിച്ചു മുടിവെട്ടിക്കാനായി, നാലുംകൂട്കവലയിലേക്ക് നടക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു. ചൂണ്ടുവിരലിലെ പിടുത്തം ഒന്നഴച്ചു വലതുവശത്തുനിന്നും എന്നെ ഇടതുവശത്തേക്ക് മാറ്റി ബാപ്പ ഒന്നു ചുമച്ചു. കുറെനേരത്തേക്ക് ഒന്നും മിണ്ടിയില്ല.

"ദു:ഖിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ അനേകായിരമാളുകളുടെ തുണയായിരുന്നു കമ്യൂണിസം. നിരവധി ആളുകളുടെ അവസാനത്തെ പ്രതീക്ഷ. പക്ഷേ.." ബാപ്പ പെട്ടെന്നു പറഞ്ഞു നിർത്തി.. എനിക്കൊന്നും മനസ്സിലാവുന്നില്ലെന്ന് തോന്നിയിട്ടെന്ന വണ്ണം.

പിന്നെ കവലയെത്തുന്നത് വരെ ഒന്നും മിണ്ടിയില്ല. കുരിശുപള്ളിയുടെ മുന്നിലെ നാലുനിര കടകളിലെ ഏറ്റവും അറ്റത്താണ് ബാർബർ കണാരന്റെ കട. തൊട്ടടുത്തുതന്നെയാണ് ചുവന്ന പലകയിൽ വെളുത്ത പെയിന്റടിച്ച കമ്യൂണിസ്റ്റ് പാർട്ടിയുടെ ആഫീസ്. നിരപലകകൾ മുഴുവനായി എടുത്തിട്ടില്ലെങ്കിലും അകത്തെ ചുമരിലെ പടങ്ങൾ പുറത്തുനിന്നേ കാണാമായിരുന്നു. വലത്തെ അറ്റത്തെ പലകകൾ ചിതലുതിന്നു ദ്രവിച്ചു ആടിനിന്നു.

ഇടതുകാലു സ്വൽപം ഒടിഞ്ഞ ബെഞ്ചിൽ ഇരുന്ന് പത്രം വായിച്ചുകൊണ്ടിരുന്ന നാണുമാഷ് ബാപ്പയെ നോക്കി പറഞ്ഞു.

"ലാൽസലാം സാഹിബേ"

കടയുടെ തിണ്ണയിലേക്ക് കയറിയ ബാപ്പാനോട് ബാർബർ കണാരൻ പറഞ്ഞു.

"ഇരിക്ക് സാഹിബേ.. ഈ തലയൊന്ന് കഴിഞ്ഞോട്ടെ"

ബാപ്പ നാണുമാഷിന്റെ അടുത്തു ബെഞ്ചിലിരുന്നു. അരികിൽ കിടന്നിരുന്ന പത്രമെടുത്തു.

"സാഹിബ് വായിച്ചില്ലേ, ഗോർബച്ചേവിന്റെ തലേലെ പാട് ദൈവീകമാണെന്ന്" നാണുമാഷ് പത്രത്തിൽനിന്നും മുഖമുയർത്തി.

" ഒരുതരത്തി ശരിയാ. കമ്യൂണിസം ഒരു വിശ്വാസമാണെങ്കി ഗോർബച്ചേവ് അന്തിക്രിസ്തുവാ. തിളങ്ങുന്ന കണ്ണുകൾക്കും മെലിഞ്ഞ ശരീരത്തിനും പകരം ഇറുകിയ കണ്ണുകളും ആ വൃത്തികെട്ട പാടും." ആരോടെന്നില്ലാതെ ബാപ്പ പറഞ്ഞു.

ആരും കുറെനേരത്തേക്ക് ഒന്നും മിണ്ടിയില്ല. എന്റെ മുടിയിലൂടെ പായുന്ന കത്രികയുടെ കചകച ശബ്ദം മാത്രം.

"തകർന്നുപോയ തറവാടുപോലെയാകാൻ റഷ്യയ്ക്ക് അധികം സമയമൊന്നും വേണ്ട. അവസാനത്തെ മുടിയനായ കാരണവരാകാൻ ഗോർബച്ചേവിനും.."

നാണുമാഷ് പറഞ്ഞു. പിന്നെ ചുമച്ചുനെഞ്ചു തടവി.

രണ്ടാഴ്ച കഴിഞ്ഞു ക്ഷീണിച്ചവശനായിട്ടാണ് ബാപ്പ കോടതിയിൽ നിന്നും വന്നത്. തറവാടും ചുറ്റുമുള്ള സ്ഥലവും ജപ്തി ചെയ്തെടുക്കുവാൻ വിധിച്ചുകൊണ്ട് കോടതിയുത്തരവായി.

പിന്നെ കുറെനാളത്തേക്ക് ബാപ്പ പുറത്തേക്കൊന്നും പോയില്ല. കാലത്തെയുള്ള ബാപ്പയുടെ പത്രം വായനയും വല്ലപ്പോഴുമായി. ഒരു ചുളിവുപോലും വീഴാത്ത പത്രങ്ങൾ ഉമ്മ കട്ടിലിനുതാഴെ അടുക്കിവെച്ചു.

അന്നുരാത്രി എനിക്കുറക്കമേവന്നില്ല. കുറെനേരം പായിൽ തിരിഞ്ഞുമറിഞ്ഞുംകിടന്നു. പിന്നെ മുള്ളാനായി പുറത്തേക്കുപോകുന്നതിനിടയിലാണ് പായിൽ ബാപ്പ ഇല്ലാന്ന് മനസ്സിലായത്.

കോലായിലെ തിണ്ണയിൽനിന്ന് കിണ്ടിയെടുത്ത് മുറ്റത്തെ മാവിന്റെ കീഴിൽ ഞാൻ മുള്ളാനിരുന്നു. നിലാവും, കൂട്ടായി കുറെ നക്ഷത്രങ്ങളും ആകാശത്തിൽ ഓടികളിക്കുന്നുണ്ടായിരുന്നു. തിരിച്ചുനടക്കുമ്പോഴാണ് ഉമ്മറപടിയുടെ താഴത്ത് ചുമരിൽ ചാരി ബാപ്പ ഇരിക്കുന്നത് ഞാൻ കണ്ടത്. നിക്കറ് ഒന്നുകൂടി പിരിച്ചുകെട്ടി ഞാൻ ബാപ്പയുടെ അടുത്തേക്കു ചെന്നു. പിന്നെ ബാപ്പയെപോലെ, ഇടതുകൈ താടിയിൽ താങ്ങി ആകാശത്തെ മിന്നാമിനുങ്ങുകളെനോക്കി ഇരുന്നു. ബാപ്പ വലതുകൈകൊണ്ട് എന്നെ അടുക്കി അടുത്തേക്ക് വലിച്ചിരുത്തി. ഈ കൊച്ചുവെളുപ്പാൻകാലത്തും ബാപ്പ നന്നായി വിയർക്കുന്നെണ്ടെന്ന് എനിക്കു മനസ്സിലായി.

ബാപ്പയുടെ അടുത്തുതന്നെ അന്നത്തെ പത്രം കിടപ്പുണ്ടായിരുന്നു. ഭീമാകാരനായ ഒരു പ്രതിമ വീണുകിടക്കുന്നു. അതിനുമുകളിൽകയറി ആളുകൾ നൃത്തം ചെയ്യുന്ന പടം മുന്നിൽതന്നെയുണ്ട്. ആ പ്രതിമയ്ക്ക് പാർട്ടിആഫീസിൽ കണ്ട ഒരു പടവുമായി നല്ല സാദൃശ്യമുണ്ടന്ന് എനിക്കുതോന്നി. അടുത്തു തന്നെ ഗോർബച്ചേവിന്റെ ഒരു ചെറിയ പടവുമുണ്ട്.

" ഒരുവേള കണ്ണുതുറന്നപ്പോൾ കൈകുമ്പിളിലെ വെള്ളംപോലെ എല്ലാം ഒലിച്ചുപോയി. അങ്ങൊരു ദേശവും ഇങ്ങോരു തറവാടും ഇന്നലെത്തെ സ്വപ്നം മാത്രം." ബാപ്പ പിറുപിറുത്തു. ആരോടെന്നില്ലാതെ. എനിക്കൊന്നും മനസ്സിലായില്ല.

"തറവാട് നഷ്ടപ്പെട്ടതിലല്ല ബാപ്പായ്ക്ക് വിഷമം.. ന്റെ ബാപ്പാ മുടിയനായ പുത്രന് ഒരു തറവാടെങ്കിലും വച്ചിരുന്നു. നിനക്കുതരാൻ ബാപ്പയുടെ കയ്യിൽ പേരിന് പോലുമൊന്നുമില്ലല്ലോ മോനെ.. വരുംതലമുറയോട് ബാപ്പ എന്തു മറുപടിയാ പറയ്ക.." ബാപ്പ എന്നെ അടക്കിപിടിച്ചു. ദിവസങ്ങളുടെ പഴക്കമുള്ള താടിരോമങ്ങൾ എന്റെ മുഖത്തുരഞ്ഞു. മാവിന്റെ ഇലകൾക്കിടയിലൂടെ ഒളിച്ചിറങ്ങിയ നിലാവ് ബാപ്പയുടെ നെറ്റിയിൽ കറുത്ത പാടുകൾ വീഴ്ത്തി.

" അറിഞ്ഞുകൊണ്ട് ബാപ്പ ഒരു തെറ്റും ചെയ്തിട്ടില്ല. എന്നിട്ടും..." ചിതറിയ സ്വരത്തിൽ ബാപ്പ തനിയെ പറയാൻ തുടങ്ങി. "ഒരു പക്ഷേ, ഈ തറവാട് ഇവിടെ തീരാനായിരിക്കും വിധി"

ഞാൻ ബാപ്പയെ അമർത്തികെട്ടിപിടിച്ചു.

"ബാപ്പാ. എനിക്കുറക്കം ബർണ്".

ബാപ്പ എന്നെ തോളിൽ കിടത്തി പതുക്കെ മുറ്റത്തേക്കിറങ്ങി. ചന്തിയിൽ താളംപിടിച്ചു മൂളിപാട്ടു പാടി എന്നെ ഉറക്കാൻ തുടങ്ങി.

നിലാവുതൂകിയ മുറ്റത്ത് മാവിലകൾ പുതിയപുതിയ രൂപങ്ങൾ ഉണ്ടാക്കികൊണ്ടിരുന്നു. പാടത്തുനിന്നുമടിച്ച തണുത്ത കാറ്റിൽ തിണ്ണയിൽ കിടന്നിരുന്ന പത്രം ഒന്നുലഞ്ഞു. പിന്നെ അനങ്ങി മുറ്റത്തേക്ക് പറന്നുവീണു. അതുനോക്കിനോക്കിയിരിക്കെ എന്റെ കണ്ണുകളിൽ ഉറക്കം താരാട്ടുപാടി.

♦♦♦